## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5967** — **04.07.2019 -ൽ മറുപടിയ്ക്ക്**

### ടി.ടി.ഐ.കളിലെ തമിഴ് വിദ്യാർത്ഥികൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | | | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) | കേരളത്തിൽ എത്ര ടി.ടി.ഐ. കളിൽ തമിഴ് മീഡിയം ഉണ്ട്; ഈ ടി.ടി.ഐ.കളിൽ എത്ര സീറ്റ് വീതം തമിഴ് വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | എ) | കേരളത്തിൽ സർക്കാർ മേഖലയിൽ 3 – തമിഴ് റ്റി.റ്റി.ഐ കളും, സ്വാശ്രയ മേഖലയിൽ ഒരു തമിഴ് റ്റി.റ്റി.ഐ.യും പ്രവർത്തിച്ചുവരുന്നു. സർക്കാർ മേഖലയിൽ 69- സീറ്റും സ്വാശ്രയ മേഖലയിൽ 20- സീറ്റും തമിഴ് മീഡിയം കുട്ടികൾക്കായി ലഭ്യമാണ്. |
| ബി) | ഡി.എൽ.എഡ്. പരിഷ്കരിച്ച പാഠ്യ പദ്ധതി പ്രകാരം കരിക്കുലം, സ്റ്റുഡന്റ് ടെക്സ്റ്റ് എന്നിവ തമിഴിൽ ലഭ്യമാണോ; | ബി) | ഡി.എൽ.എഡ് പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം കരിക്കുലം തമിഴിൽ എസ്.സി.ഇ.ആർ.ടി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്റ്റുഡൻറ് ടെക്സ്റ്റ് ബുക്ക് നിർമ്മാണത്തിലാണ്. |
| സി) | ചിറ്റൂർ സർക്കാർ ടി.ടി.ഐ.യിൽ തമിഴ് മീഡിയം ആരംഭിച്ചത് ഏത് വർഷമാണ്; കെ.ടെറ്റ് സംബന്ധമായ ചോദ്യങ്ങൾ തമിഴ് ഭാഷയിൽ ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ചിറ്റൂർ സർക്കാർ ടി.ടി.ഐ യിൽ തമിഴ് മീഡിയം ആരംഭിച്ചത് 1963 ലാണ്. കെ.ടെറ്റ് സംബന്ധമായ ചോദ്യങ്ങൾ തമിഴ് ഭാഷയിൽ ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) | ഇത് സംബന്ധിച്ച വിദ്യാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യ മാക്കാമോ? | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.2012–ൽ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ ഗൈഡ്‌ലൈൻ പ്രകാരമാണ് നാലു കാറ്റഗറികളിലായി (എൽ.പി.,യു.പി, ഹൈസ്കൂൾ, സ്പെഷ്യൽ സബ്ജക്റ്റ്) കെ.ടെറ്റ് പരീക്ഷ നടന്നു വരുന്നത്. ഭാഷാ വിഷയങ്ങളൊഴികെ സബ്ജക്റ്റിൽ മലയാളത്തിലും, ഇംഗ്ലീഷിലുമായാണ് ചോദ്യങ്ങൾ തയ്യാറാക്കാൻ എസ്.സി.ഇ.ആർ.ടി ഗൈഡ്‌ലൈനിൽ നിഷ്കർഷിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ